# രജിസ്റ്റ്രേഷൻ ചെയ്യുന്നതിനു മുമ്പായി അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ / നിർദ്ദേശങ്ങൾ

1. ഈ രജിസ്റ്റ്രേഷൻ ഫോം, സമർപ്പിക്കേണ്ട വിവരങ്ങളെപ്പറ്റി അറിയാനും, നേരിട്ട് മൺറം സംഗമത്തിൽ പങ്കെടുക്കുമ്പോൾ ആവശ്യമെങ്കിൽ ഉപയോഗിക്കാനും വേണ്ടി മാത്രമാണ് നല്കിയിരിക്കുന്നത്.

2. രജിസ്റ്റ്രേഷൻ ഓൺ ലൈൻ മാത്രമേ സ്വീകരിക്കുകയുള്ളു. പോസ്റ്റ് ഓഫീസ് വഴിയോ, നേരിട്ടോ രജിസ്റ്റ്രേഷൻ ഫോമും രേഖകളും സ്വീകരിക്കുന്നതല്ല.

3. ഓൺ ലൈൻ രജിസ്റ്റ്രേഷൻ ചെയ്യുന്നതിനു മുമ്പായി, കുട്ടിയുടെ നല്ല കളർ പാസ്സ്പോർട്ട് സൈസ് ഫോട്ടോയും, തലക്കുറിയും സോഫ്റ്റ് കോപ്പി രൂപത്തിൽ രജിസ്റ്റ്രേഷൻ ചെയ്യുന്ന കമ്പ്യൂട്ടറിൽ ലഭ്യമാണെന്ന് ഉറപ്പു വരുത്തുക. ഇവ രജിസ്റ്റ്രേഷൻ ഫോമിൽ അപ്പ് ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് അടക്കാൻ സാധ്യമാകുന്ന രീതിയിൽ ഓൺ ലൈൻ പേയ്മെന്റ് ചെയ്യാനുള്ള സംവിധാനം അടുത്ത് ലഭ്യമായിരിക്കണം.

4. "Matrimonial" ൽ ക്ലിക് ചെയ്ത് വരുന്ന പേജിൽ "Register" ൽ ക്ലിക് ചെയ്യുമ്പോൾ രജിസ്റ്റ്രേഷൻ പേജുകൾ അവിടെ വരും. പേജുകളിൽ ചോദിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും നല്കുക. ഓൺ ലൈൻ ഫോമിൽ * മാർക്കു ചെയ്തിരിക്കുന്ന വിവരങ്ങൾ നിർബന്ധമായും നല്കിയിരിക്കേണ്ടതാണ്. കുട്ടിയുടെ നല്ല കളർ പാസ്സ്പോർട്ട് സൈസ് ഫോട്ടോയും ഗ്രുഹനിലയും, രജിസ്റ്റ്രേഷൻ ചെയ്യുന്ന കമ്പ്യൂട്ടറിൽനിന്നോ മൊബൈൽ ഫോണിൽനിന്നോ "അപ് ലോഡ്" ചെയ്യേണ്ടതാണ്. അത് Choose File ൽ ക്ലിക് ചെയ്ത് ചെയ്യാം.

5. ഫീസ് പേയ്മെന്റ് ചെയ്യേണ്ട രീതി. രജിസ്റ്റ്രേഷന്റെ അവസാന പേജിലാണ് പേയ്മെന്റ് വിവരങ്ങൾ നല്കേണ്ടത്. "Select Plan" ൽ ക്ലിക് ചെയ്യുക. ഫ്രഷ് (Fresh-Rs 1000/-) / പുതുക്കൽ (Renewal-Rs 500/-) സെലക്റ്റ് ചെയ്യുക. പുതുക്കൽ ആണെങ്കിൽ പഴയ രജിസ്റ്റ്രേഷൻ നമ്പർ നിർബന്ധമായും നല്കണം.

6. ഫീസ് നിക്ഷേപിക്കേണ്ട സമിതിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ QR കോഡ് സഹിതം അവിടെ കാണാം. QR കോഡ് , G Pay / BHIM / UPI വഴിയോ Internet /bank

Transfer വഴിയൊ പേയ്മെന്റ് ചെയ്യാം. അതിനു ശേഷം ട്രാൻസാക്ഷൻ Id, തീയതി, ട്രാൻസാക്ഷൻ ചെയ്ത രീതി, ബാങ്ക് എന്നിവ നല്കുക. എന്നിട്ട് "Submit" ൽ ക്ളിക് ചെയ്ത് സമർപ്പിക്കുക. അതോടെ രജിസ്റ്റ്രേഷൻ പ്രക്രിയ പൂർത്തിയാകും.

7. എല്ലാ വിവരങ്ങളും നല്കിയതിനു ശേഷം നല്കിയ വിവരങ്ങൾ എല്ലാം ശരിയാണോ എന്നു നോക്കണമെങ്കിൽ "PREVIEW" ക്ളിക് ചെയ്യുക. തിരുത്തേണ്ട ആവശ്യമുണ്ടെങ്കിൽ "EDIT" ക്ളിക് ചെയ്ത് തിരുത്തിയിട്ട് "SUBMIT REGISTRATION " ക്ളിക് ചെയ്ത് രെജിസ്റ്റ്രേഷൻ ചെയ്യാം.

8. പുതിയ രജിസ്റ്റ്രേഷന് 1000 രൂപയും രജിസ്റ്റ്രേഷൻ പുതുക്കുന്നതിന് 500 രൂപയും ഫീസ് ആണ്. പുതിയ രജിസ്റ്റ്രേഷന്റെയും പുതുക്കിയ രജിസ്റ്റ്രേഷന്റെയും കാലാവധി ഒരു വർഷമാണ്. പുതുക്കുമ്പോൾ പഴയ രജിസ്റ്റ്രേഷൻ നമ്പർ നിർബന്ധമായും നല്കണം. കാലാവധി കഴിയുന്നതിനു മുമ്പ് തന്നെ അതു പുതുക്കുവാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ രജിസ്റ്റ്രേഷൻ സ്വമേധയാ ക്യാൻസൽ ആകും. ഈ ഫീസുകൾ കൂടാതെ മറ്റൊരു ഫീസും സമിതി വാങ്ങുന്നതല്ലാ. ഒരിയ്ക്കൽ രജിസ്റ്റ്രേഷൻ ചെയ്തതിനു ശേഷം അടച്ച രജിസ്റ്റ്രേഷൻ ഫീസ് ഒരു കാരണവശാലും തിരികെ ലഭിക്കുന്നതല്ലാ.

9. ഒരു ഫോൺ നമ്പറിൽ ഒരു ആൾക്കു മാത്രമേ രജിസ്റ്റർ ചെയ്യാനാവൂ. ആക്റ്റീവ് ആയിട്ടുള്ള ഇ മെയിൽ ഐ ഡി യും ഉണ്ടായിരിക്കണം, അത് രജിസ്റ്റ്രേഷനിൽ നല്കിയിരിക്കണം. എല്ലാ വിവരങ്ങളും നിർദ്ദേശങ്ങളും നിങ്ങൾക്ക് ഇ മെയിൽ വഴി മാത്രമേ ലഭിക്കുകയുള്ളൂ.

10. മൺറം രജിസ്റ്റ്രേഷൻ സംഗമത്തിൽ ആവശ്യമെങ്കിൽ രജിസ്റ്റ്രേഷൻ ഫോമും രേഖകളും സ്വീകരിക്കും, കുട്ടിയുടെ നല്ല കളർ പാസ്സ്പോർട്ട് സൈസ് ഫോട്ടോയും, തലക്കുറിയും കരുതിയിരിക്കണം, രജിസ്റ്റ്രേഷൻ ഫീസ് ഓൺ ലൈൻ അടക്കാനുള്ള സംവിധാനവും മൊബൈൽ ഫോണും കയ്യിൽ ഉണ്ടായിരിക്കണം. എന്നിരുന്നാലും രജിസ്ട്രേഷൻ ഓൺ ലൈൻ ആയി മാത്രമേ ചെയ്യുകയുള്ളൂ. അതിനുള്ള സൗകര്യം സംഗമത്തിൽ ഉണ്ടായിരിക്കുന്നതാണ്.

11. ഓൺ ലൈൻ രജിസ്റ്റ്റേഷൻ സമർപ്പിച്ചതിനു ശേഷം നാലു ദിവസത്തിനകം നിങ്ങളുടെ ഈ മെയിലിൽ രജിസ്റ്റ്റേഷന്റെ സ്വീക്രുതി സന്ദേശം ലഭിക്കും. അതിനൊപ്പം ഒരു "പാസ്സ് വേർഡും" ലഭിക്കും. നിങ്ങളുടെ രജിസ്റ്റർ ചെയ്ത ഫോൺ നമ്പറോ ഇ മെയിൽ ഐ ഡിയോ യൂസർ/ലോഗ് ഇൻ ഐ ഡി ആയി ഉപയോഗിച്ച്, ഇ മെയിലിൽ ലഭിച്ച പാസ്സ് വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്യാം. അതിനു ശേഷം പാസ്സ് വേർഡ് നിങ്ങൾ മാറ്റിയെടുക്കണം, അതിനുള്ള സൗകര്യം അതിലുണ്ട്. ലോഗ് ഇൻ ചെയ്തതിനു ശേഷം, കുട്ടികളുടെ വിവരങ്ങൾ തിരയാം. അതിനായി "SEARCH" ബോക്സിൽ BRIDE / GROOM തിരഞ്ഞടുത്ത്, കാറ്റഗറിയും തിരഞ്ഞെടുത്ത് "Search Now" ക്ലിക്ക് ചെയ്യുക. മറ്റൊന്നും ക്ലിക്ക് ചെയ്യേണ്ടതില്ലാ. രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിവരങ്ങൾ ലഭ്യമാകും. ഫോട്ടോയുടെ താഴെയുള്ള "View" വിൽ ക്ലിക്ക് ചെയ്യുമ്പോൾ ആ കുട്ടിയുടെ വിവരങ്ങൾ കിട്ടും. താൽപ്പര്യമുള്ള കുട്ടികൾക്ക് മെസ്സേജ് അയക്കാനും അവരുമായി ചാറ്റ് ചെയ്യാനും, പേയ്മെന്റ് ചെയ്ത് രജിസ്റ്റർ ചെയ്തവർക്ക് സാധിക്കും.

12. തിരുമണ സേവാ മൺറം കാര്യങ്ങൾക്കായി ഓഫീസ് സേവനം ഉണ്ടായിരിക്കുന്നതല്ലാ, അതിനാൽ മൺറം സംബന്ധിച്ച **അന്വേഷണങ്ങൾക്കായി ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും വൈകിട്ട് 7 മണി മുതൽ 9 മണി വരെ** അധിക്രുതരുമായി ബന്ധപ്പെടാവുന്നതാണ്.

<u>ഫോൺ നമ്പറുകൾ:</u>

| | |
|---|---|
| ശ്രീ ജി നടരാജൻ | : 9497819198 |
| ശ്രീ സി ക്രുഷ്ണൻ കുട്ടി | : 9809809444 |
| ശ്രീ എ സി രാജൻ | : 9447142099 |
| ശ്രീ കെ കെ വിജയൻ | : 9447434169 |
| കേണൽ കെ എൻ വി ആചാരി | : 8921981596 |
| ശ്രീ മനോജ് ജി | : 9447789044 |

13. വിവാഹം നിശ്ചയിച്ചു കഴിഞ്ഞാൽ ആ വിവരം ഉടൻ തന്നെ സമിതിയിൽ നേരിട്ടോ ഫോൺ മുഖേനയോ അറിയിക്കേണ്ടതാണ്.